# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 2026



# വി. വി. എച്ച്. എസ്. എസ്.

## പോരേടം

## ഉള്ളടക്കം


1. ആമുഖം
2. അക്കാദമിക മാസ്റ്റർപ്ലാൻ
   - (i) അറബിക് 1........7
   - (ii) സംസ്കൃതം 8........9
   - (iii) മലയാളം 10......13
   - (iv) ഇംഗ്ലീഷ് 14......15
   - (v) ഹിന്ദി 16......19
   - (vi) ഗണിതം 20......21
   - (vii) സാമൂഹ്യശാസ്ത്രം 22......23
   - (viii) ഭൗതികശാസ്ത്രം 24......26
   - (ix) രസതന്ത്രം 27......28
   - (x) ജീവശാസ്ത്രം 29......32
   - (xi) കലാ വിദ്യാഭ്യാസം 33......34
   - (xii) ആരോഗ്യകായിക വിദ്യാഭ്യാസം ..........35
3. ഉപസംഹാരം

# ആമുഖം

അക്കാദമിക രംഗത്തുണ്ടാകുന്ന നൂതന മാറ്റങ്ങൾ വിദ്യാഭ്യാസ മേഖലയിൽ നവചൈതന്യം സൃഷ്ടിക്കുമ്പോൾ വി. വി. എച്ച്. എസ്. എസ്., പോരേടവും അതിന്റെ ഭാഗമായി മാറുന്നു. സമൂഹപങ്കാളിത്തത്തോടെ വി. വി. എച്ച്. എസ്. എസ്. വിഭാവനം ചെയ്യുന്ന അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയാണിത്. ഓരോ വിദ്യാലയവും അറിവിന്റെ കേന്ദ്രങ്ങളായി മാറണമെന്നുള്ള കാഴ്ചപ്പാടിനോട് യോജിച്ചുകൊണ്ട് ഈ പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഈ വികസന രേഖയിൽ ഉൾപ്പെടുത്തിയ കാഴ്ചപ്പാടുകളെ പ്രാവർത്തികമാക്കി കേരളസർക്കാർ വിഭാവനം ചെയ്യുന്ന അന്താരാഷ്ട്രനിലവാരമുള്ള വിദ്യാഭ്യാസത്തിന് രൂപം കൊടുക്കാനുള്ള തുടക്കമാകട്ടെ ഈ വിദ്യാഭ്യാസ വികസന രേഖ. കഴിഞ്ഞ വർഷം 9-ാം ക്ലാസ്സിലെയും ഈ വർഷം 8,10 ക്ലാസ്സുകളിലെയും പാഠപുസ്തകങ്ങൾ മാറിയ സാഹചര്യത്തിൽ അവയിൽ പ്രതിപാദിക്കുന്ന പഠന പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി ഈ വികസനരേഖ വിപുലീകരിച്ചിരിക്കുകയാണ്. കൂടാതെ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ വികസന പദ്ധതിയുമായി ബന്ധപ്പെട്ട കുട്ടികളിലെ ഭാഷാശേഷി വികസനം, ഗണിതശേഷി വികസനം, ഇംഗ്ലീഷ് പരിപോഷണം, ലൈബ്രറി ശാക്തീകരണം, വായനാ പരിപോഷണം എന്നിവ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളും പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മികച്ച നിലവാരത്തിലേക്ക് കൊണ്ടുവരാൻ ഉതകുന്ന പ്രവർത്തനങ്ങളും കൂടുതലായി ഉൾപ്പെടുത്തിക്കൊണ്ടും വികസന രേഖ വിപുലീകരിച്ചു.

പൊതുവായ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാതെ പ്രായോഗികതയുടെയും തിരിച്ചറിവുകളുടെയും അടിസ്ഥാനത്തിൽ കൂട്ടിച്ചേർക്കലുകൾക്ക് സാധ്യത നൽകിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ വികസന രേഖ. അക്കാദമികവും ഭൗതികവും സാമൂഹികവുമായ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് തയ്യാറാക്കിയ ഈ വികസന രേഖ അന്താരാഷ്ട്ര നിലവാരമുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിലേയ്ക്കുള്ള ഒരു ചുവടുവയ്പ്പാണ്.

# അക്കാദമിക മാസ്റ്റർപ്ലാൻ – അറബിക്

## 1. അറബിക് മധുരം

**ലക്ഷ്യം:**

അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി.,

**പ്രവർത്തനം**

ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈന്റി അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.

ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നൽകി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നൽകുന്നു. അദ്ധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു. പ്രത്യേകം തല്ലാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് “അറബിക് മധുരം” ക്ലാസ്സ് നൽകുക

**കാലയളവ് :**

2 മാസം

**ഭൗതികം :**

പുസ്തകങ്ങൾ, കമ്പ്യൂട്ടർ

**പിന്തുണ :**

ഡയറ്റ്, പൂർവ്വ വിദ്യാർത്ഥികൾ

# 2. വായനാ ലോകം

**ലക്ഷ്യം:**

- ➢ കുട്ടിയെ വായനയുടെ ലോകത്തേക്ക് എത്തിക്കുക
- ➢ നല്ല വായനക്കാരനാക്കുക

**പ്രവർത്തനം**

1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം
   (അറബിക് ലൈബ്രറി)
   പുസ്തകങ്ങൾ
   ചിത്രകഥ (അറബിക്)
   കഥ പുസ്തകം (അറബിക്)
   കുട്ടിക്കവിതകൾ (അറബിക്)
   വിവരണ ബുക്കുകൾ (അറബിക്)
   അറബിക് ക്വിസ്

2. ക്ലാസ്സ് വായന
   ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുറ്റ് ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.
   വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക
   കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക

**കാലയളവ് :**

6 മാസം

**ഭൗതികം :**

പുസ്തകങ്ങൾ, സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി

**പിന്തുണ :**

- ➢ അറബിക് അദ്ധ്യാപകർ
- ➢ റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ
- ➢ നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ
- ➢ ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ
- ➢ സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ
- ➢ സർക്കാർ ഫണ്ട്

## 3. ആസ്വാദന ലോകം

**ലക്ഷ്യം:**

സർഗ വാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ

**പ്രവർത്തനം**

1 . ആസ്വാദന സഭ :

പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കുവാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ..ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാവണം.

2 . കാഴ്ചയും കേൾവിയും :

നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി. പ്രൊജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം

3. ഉദാഹരണം

ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ, ആനിമേഷൻ വീഡിയോകൾ, ധാർമിക കഥകൾ, ഡോക്യുമെന്ററികൾ

**കാലയളവ് :**

6 മാസം

**ഭൗതികം :**

സ്കൂൾ ഹാൾ
ലാംഗ്വേജ് ലാബ്
എൽ.സി.ഡി. കമ്പ്യൂട്ടർ

## 4. അനുഭവ ലോകം

**ലക്ഷ്യം:**

അറബിക് ലാംഗ്വേജ് ലാബ്

**പ്രവർത്തനം**

- വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാക്ഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്. അറബി ഭാഷാ പഠനത്തിന് ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.
- . തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.
- ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ) എൽ. സി. ഡി. പ്രൊജക്റ്ററിന്റെ സഹായത്തോടെ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുള്ള അവസരം

**കാലയളവ് :**

6 മാസം

## 5. അറബിക് അസംബ്ലി

- ആഴ്ചയിൽ ഒരുദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക
- ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക
- ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക
- പുസ്തകം പരിചയപ്പെടുത്തൽ
- സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ

## 6. പദപരിചയം

**ലക്ഷ്യം:**

അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ

**പ്രവർത്തനം**

- അറബിക് അദ്ധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനയ്ക്കുശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസിലെ നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.
- . ക്ലാസിലെ ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.
- പ്രസ്തുത പദം അറബിക് നോട്ടീസ് ബോർഡിൽ പതിക്കുക.
- എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.
  മികച്ച പ്രവർത്തനം കാഴ്ചവച്ച വിദ്യാർത്ഥികൾക്ക് സമ്മാനം നൽകി പ്രോത്സാഹനം നൽകുന്നു.

## 7. ദിനാചരണങ്ങൾ

- ♦ സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു.
- ♦ നേരത്തെ നിശ്ചയിച്ചതിനനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു.

## 8. എഴുത്തിന്റെ ലോകം

**ലക്ഷ്യം:**

കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ

**പ്രവർത്തനം**

- അറബി ഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി. റൂഖഇ) എഴുത്തുകളാണ്.
- . ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നല്കൽ.
- വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക
- ചുവർ പത്രിക
- മാസിക നിർമ്മാണം
- ചുവർ പത്രിക നിർമ്മാണം
- വായനാ കാർഡ് നിർമ്മാണം

## 9. മത്സരങ്ങളുടെ ലോകം

മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക.

**ഉദാഹരണം:**

- ക്വിസ്
- പദ നിർമ്മാണം
- കഥ പറയൽ
- കവിത ചൊല്ലൽ
- പദപ്രശ്നം
- കളറിങ്ങ്
- മെമ്മറി ടെസ്റ്റ്
- ഗദ്യവായന
- ആംഗ്യ ഗാനം
- ഖുർആൻ പാരായണം
- പദപ്പയറ്റ്
- പസിൾസ്

## 10. അറബിക് ഫെസ്റ്റ്

- അന്താരാഷ്ട്ര അറബിക് ദിനത്തിലോ മറ്റോ ഒരു ഫുൾഡേ/ഹാഫ്ഡേ അറബിക് ഫെസ്റ്റ് നടത്തുക
- കാര്യപരിപാടികൾ

  ഉദ്ഘാടനം
- ആദരിക്കൽ (ഇതുവരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്
- മികച്ച അറബിക് കലാ അവതരണം
- തൊട്ടടുത്ത അറബിക് കവി/ സാഹിത്യകാരൻ/ പണ്ഡിതനെ പങ്കെടുപ്പി ക്കൽ ആദരിക്കൽ
- തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർശനം
- അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാ ന്യം, ഉപരിപഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി)

# അക്കാദമിക മാസ്റ്റർപ്ലാൻ – സംസ്കൃതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | • അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുക<br>• സംസ്കൃത ഭാഷയെ അറിയുക | ശ്രവണോത്സവം<br>• സംസ്കൃത ലഘുപദങ്ങൾ ഉച്ചാരണത്തിലൂടെ ഉറപ്പിക്കുക അറിയുക | 1-മാസം | ചാർട്ട്, പുസ്തകങ്ങൾ, വീഡിയോകൾ, ചിത്രങ്ങൾ | അദ്ധ്യാപിക | 500/- |
| 2. | • വ്യാകരണ ശുദ്ധിയോടെ എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | • വായനാ കാർഡുകൾ<br>• ദീർഘ പദങ്ങൾ എന്നിവ കണ്ടെത്തി ഉച്ചരിക്കുന്നു.<br>• ഐ.സി.ടി. സാധ്യതകളും ഉപയോഗിക്കുന്നു. | 1-വർഷം | ചാർട്ട്, പുസ്തകങ്ങൾ, വീഡിയോകൾ, ചിത്രങ്ങൾ | അദ്ധ്യാപിക | |
| 3. | • വചനങ്ങളും ക്രിയാപദങ്ങളും വിഭക്തി പഠനവും ക്രീഡയിലൂടെ ഉറപ്പിക്കൽ | • ശില്പശാലകൾ സംഘടിപ്പിക്കുക<br>• ഐ.സി.ടി. സാധ്യതകൾ ഉപയോഗിക്കുന്നു. | 6-മാസം | കാർട്ടൂൺ, ചിത്രങ്ങൾ, വീഡിയോകൾ | അദ്ധ്യാപിക | 1000/- |
| 4. | • കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃത ഭാഷയിൽ തയ്യാറാക്കുക.<br>• ഐ.സി.ടി. സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | 1-മാസം | സംസ്കൃതം നിഘണ്ടു | അദ്ധ്യാപിക | |
| 5. | ആസ്വാദന ലോകം<br>• ഓരോ കുട്ടിയുടേയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യുവാനും വേണ്ടി | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• പാടാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകുന്നു.<br>• മാസത്തിൽ ഒരുതവണ ആസ്വാദന | 5-മാസം | സംസ്കൃത ക്ലാസ്സ് റൂം | അദ്ധ്യാപിക | |

# സംസ്കൃതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | | സഭ ചേരുന്നു.<br>• ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകർ ആകണം | | | | |
| 6 | • പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസ്സുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ-മാർച്ച് | ക്ലാസ്സ് റൂം | അദ്ധ്യാപിക | 500/- |
| 7. | • ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കുവാനുമുള്ള അവസരം നൽകുക | • സംസ്കൃത ദിനാചരണം....<br>• അസംബ്ലി<br>• ഉപന്യാസ രചനയും അവതരണവും<br>• ചോദ്യോത്തരപ്പാട്ട് | 1-വർഷം | പുസ്തകങ്ങൾ, നവവാണി വെബ്സൈറ്റ്, ലാപ്ടോപ്പ്. .... | അദ്ധ്യാപിക | 1000/- |
| 8. | • കലാ സാഹിത്യ അഭിരുചി വർദ്ധിപ്പിക്കൽ | • സംസ്കൃതോത്സവത്തോടനുബന്ധിച്ചുള്ള മത്സര ഇനങ്ങൾ, കലോത്സവങ്ങളിലേക്കുള്ള തയ്യാറെടുക്കൽ<br>• വിവിധ സാഹിത്യങ്ങളെ പരിചയപ്പെടുത്തൽ | 1-വർഷം | നവവാണി തുടങ്ങിയ വിവിധ വെബ്സൈറ്റുകൾ, പുസ്തകങ്ങൾ, ലാപ്ടോപ്പ് | അദ്ധ്യാപിക കുട്ടികൾ | 5000/- |
| 9. | • പരീക്ഷകൾക്കും, മത്സര പരീക്ഷകൾക്കും ഉള്ള പരിശീലനം | • സംസ്കൃസ്കോളർഷിപ്പ് പരീക്ഷ, വിവിധ ടേം പരീക്ഷകൾ എന്നിവ ലക്ഷ്യമാക്കി വിവിധ പഠന സാമഗ്രികളുടെ സഹായത്തോടെ പ്രശ്നോത്തരി മുതലായവ സംഘടിപ്പിക്കുക | 1-വർഷം | പുസ്തകങ്ങൾ നവവാണി/ സമഗ്ര വെബ് സൈറ്റ്, ലാപ്ടോപ് | അദ്ധ്യാപിക കുട്ടികൾ | 1000/- |

# അക്കാദമിക മാസ്റ്റർപ്ലാൻ – മലയാളം

| നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | അക്കാദമികം | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ് നൽകൽ<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• ചിത്രം- അടിക്കുറിപ്പ്<br>• ചിത്രം- കഥ, കവിത എഴുതൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 3 മാസം | പി. ടി. എ., അദ്ധ്യാപകർ | |
| 2 | അക്കാദമികം | എല്ലാ കുട്ടികകളേയും സ്വതന്ത്രവായനക്കാരായി മാറ്റുക<br>വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിനും പുസ്തക ചർച്ചകൾ നടത്തുന്നതിനും അവസരം സൃഷ്ടിക്കുന്നു.<br>കലാരചനാപരമായ കഴിവ് വളർത്തുക<br>പ്രാദേശികമായി വായനാ സാമഗ്രികൾ രൂപപ്പെടുത്തുക | • ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>• ക്ലാസ്സ് ലൈബ്രറി നവീകരിക്കൽ<br>• റീഡിംഗ് റൂം പ്രത്യേക സൗകര്യം ഒരുക്കൽ<br>• എല്ലാവർക്കും വായനാ ഡയറി വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കുന്നതിനായി<br>• വായനോത്സവം<br>• പത്രവായന<br>• വായനാക്കുറിപ്പ് പതിപ്പ്<br>• ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന<br>• സാഹിത്യകാരന്മാരുമായി അഭിമുഖം<br>• വായനാ വാരാന്ത്യ പുസ്തക ചർച്ച സംഘടിപ്പിക്കുന്നു. | 1 വർഷം<br>6 മാസം<br>1 വർഷം<br>എല്ലാ മാസത്തിലെയും അവസാന ത്തെവെള്ളിയാഴ്ചയും ഡയറിയുടെ ക്ലാസ്സ് തല പ്രദർശനം | ഭാഷ അദ്ധ്യാപകൻ,<br>വിദ്യാരംഗം<br>കലാസാഹിത്യ വേദി | |

# മലയാളം

| നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 3 | അക്കാദമികം | വായനാ പരിപോഷണം | കഥ, കവിത, നോവൽ, വിവരണം, വർണ്ണന എന്നിവ ഉൾപ്പെടുത്തി സർഗ്ഗ സംഗമം വർക്ക്ഷോപ്പ് | ജൂൺ 19 മുതൽ ജൂൺ 30 വരെ | വിദ്യാരംഗം കലാസാഹിത്യവേദി | |
| | | ആത്മവിശ്വാസം വർദ്ധിപ്പിക്കൽ | പാഠഭാഗവുമായി ബന്ധിപ്പിക്കുന്ന പുസ്തകശേഖരം കണ്ടെത്തൽ | ആഗസ്റ്റ് 1 മുതൽ ഒക്ടോബർ വരെ | ഭാഷാദ്ധ്യാപകൻ<br>പി.റ്റി. എ. | |
| 4 | അക്കാദമികം | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • എഴുത്തുകൂട്ടം രൂപീകരണം<br>• ശ്രദ്ധ<br>• മലയാളത്തിളക്കം<br>• പുസ്തക ചർച്ച<br>• വായനാ കുറിപ്പ്, പതിപ്പ്<br>• വിവിധ സാഹിത്യശാഖകൾ<br>• പരിചയപ്പെടൽ<br>• ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>• വ്യക്തിഗത രചന, സംഘരചന<br>• ഭാഷാ പ്രോജക്ട്<br>• സാഹിത്യകാരന്മാരുമായി അഭിമുഖം | 6 മാസം | ഭാഷാദ്ധ്യാപകൻ,<br>വിദ്യാരംഗം<br>കലാസാഹിത്യ വേദി | |
| | | | • ഫിലിം ക്ലബ്ബ് രൂപീകരണം<br>• തിരക്കഥാരചന, ശില്പശാല | 6 മാസം (ജൂലൈ–ഡിസംബർ | ട്രെയിനർ, അദ്ധ്യാപകൻ | |

# മലയാളം

| നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | | കഥകളിയെക്കുറിച്ച് മനസ്സിലാക്കുന്നതിന്<br>കഥകളി ആസ്വാദനം തയ്യാറാക്കുന്നതിന് | • കഥകളി അവതരണം<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തൽ | ഏകദിനം | ഭാഷാദ്ധ്യാപകൻ വിദ്യാരംഗം കലാസാഹിത്യ വേദി | |
| | | പാഠഭാഗങ്ങളിലെ അറിവുകൾ നേരിട്ട് കാണാനും അറിയാനുമുള്ള അവസരം | • പഠനയാത്ര<br>• യാത്രാ വിവരണം തയ്യാറാക്കൽ<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തൽ | 2 മുതൽ 3 ദിവസം | ഭാഷാദ്ധ്യാപകൻ വിവിധ ക്ലബ്ബുകൾ | |
| | | ഉച്ചാരണ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് | • ഭാഷാ ലാബ് സജ്ജമാക്കൽ | 6 മാസം | ഭാഷാദ്ധ്യാപകൻ പ്രഥമാദ്ധ്യാപകൻ | |
| | | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | • പ്രസംഗ പരിശീലന കളരി<br>• വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>• മികച്ച പ്രസംഗങ്ങളുടെ വീഡിയോ കേൾപ്പിക്കുന്നു.<br>• കാവ്യകേളി<br>• വിവിധ കവിതകൾ നൽകി മനപ്പാഠമാക്കിക്കൽ | 6 മാസം (ജൂലൈ-ഡിസംബർ) | ഭാഷാദ്ധ്യാപകൻ വിദ്യാരംഗം കാ സാഹിത്യ വേദി | |
| | | | • കവിതകളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>• കവിതചോല്ലി അവതരിപ്പിക്കുന്നതിനുള്ള വേദി സജ്ജ്മാക്കുന്നു. | 6 മാസം | ഭാഷാദ്ധ്യാപകൻ വിദ്യാരംഗം കാ സാഹിത്യ വേദി | |

| മലയാളം | | | | | | |
|---|---|---|---|---|---|---|
| നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| | | ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നു. | ജൂൺ മുതൽ മാർച്ച്വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി നൽകുന്നു.<br>ജൂൺ 19 വായനാദിനം<br>ജൂലൈ 5 ബഷീർ ദിനം, മാതൃഭാഷാ ദിനം ഇവയോടനുബന്ധിച്ച് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. | 1 വർഷം | ഭാഷാദ്ധ്യാപകൻ<br>വിദ്യാരംഗം<br>കലാസാഹിത്യ<br>വേദി | |

# അക്കാദമിക മാസ്റ്റർപ്ലാൻ – ഇംഗ്ലീഷ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തിൽ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English Class<br>English Laibrary ഉപയോഗം<br>English Story time<br>English Assembly | ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ്ബ് |
| 2 | ഇംഗ്ലീഷിലുള്ള സൃഷ്ടികൾക്ക് അവസരം ഒരുക്കുക | ഇംഗ്ലീഷ് സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിനായും സിനിമ, ഡോക്യുമെന്ററി എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിനുമായി സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ശനിയാഴ്ചകൾ ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം | ഇംഗ്ലീഷ്, അദ്ധ്യാപകർ, SRG | SRG, ഇംഗ്ലീഷ് ക്ലബ്ബ് |
| 3 | സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, ന്യൂസ് റീഡിംഗ് കോംപറ്റീഷൻസ് | കാർഡുകൾ, ചാർട്ടുകൾ, ഫ്ളാഷ് കാർഡുകൾ നിർമ്മിക്കുക, ചിത്രവായന, കഥാരചന, പബ്ലിക് സ്പീക്കിംഗ്, പത്രവായന, ക്ലാസ്സ് റൂം പ്രവർ ത്തനങ്ങൾ, അംബ്ലി | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | ടീച്ചേഴ്സ് | സബ്ജക്ട് കൗൺസിൽ, ഇംഗ്ലീഷ് ക്ലബ്ബ് |
| 4 | നാടകീകരണം | Role Play, Skit, Conversation പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക | ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം | SRG ഇംഗ്ലീഷ് ടീച്ചേഴ്സ് | SRG ഇംഗ്ലീഷ് ക്ലബ്ബ് |
| 5 | കവിതാലാപനത്തിനും രചനയ്ക്കും പ്രാപ്തരാക്കുക | ഇംഗ്ലീഷ് ഓഡിയോ കോൾക്കാനുള്ള അവസരം, കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കണം | ക്ലാസ്സ് പ്രവർത്തനങ്ങൾ വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് ടീച്ചേഴ്സ്<br>ഇംഗ്ലീഷ് അദ്ധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |

# ഇംഗ്ലീഷ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6 | സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | ICT ഉപയോഗിച്ച് ഇംഗ്ലീഷ് ഭാഷ ലളിതമായി പലപല സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന വീഡിയോ ദൃശ്യങ്ങൾ പ്രദർശിപ്പിക്കുകയും അത്തരം സാഹചര്യങ്ങൾ ക്ലാസ്സ് റൂമുകളിൽ അവതരിപ്പിക്കുകയും ചെയ്യുക | ക്ലാസ്സ് റൂം പ്രവത്തനങ്ങളോടൊപ്പം, കുട്ടികൾക്ക് വീട്ടിലിരുന്നും മൊബൈൽ ഫോണിന്റെയും മറ്റും സഹായത്തോടെ ഇത്തരംപ്രവർത്തനങ്ങൾ ചെയ്യാം | SRG, PTA , ഇംഗ്ലീഷ് ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ്ബ് PTA |
| 7 | സംവാദന സദസ്സുകൾ സംഘടിപ്പിക്കുക | ക്ലാസ്സ് റൂമുകളിൽ വ്യത്യസ്ത ലോക വിഷയങ്ങൾ കുട്ടികൾക്ക് നൽകുകയും വിവര ശേഖരണം നടത്താനുള്ള നിർദ്ദേശം നൽകുകയും ക്ലാസ്സ് റൂമിൽത്തന്നെ സംവാദങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക. പാഠ ഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിലും നടത്താം | വർഷത്തിൽ മൂന്നോ നാലോ പ്രാവശ്യം | ഇംഗ്ലീഷ് ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർപ്ലാൻ – ഹിന്ദി

| നമ്പർ | മേഖല | പ്രവർത്തനം | ലക്ഷ്യം | കാലം /സമയം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഹിന്ദി ഭാഷയെ അറിയുക | കഥകളിലൂടെയും കവിതകളിലൂടെയും ഹിന്ദി ഭാഷ അടുത്തറിയാൻ അവസരം നൽകുന്നു. | • രാഷ്ട്രഭാഷയോടുള്ള (ഹിന്ദി) അഭിരുചി വർദ്ധിപ്പിക്കുന്നു.<br>• ഹിന്ദി ഭാഷ എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കുന്നു. | ജൂൺ മുതൽ ഒരു വർഷക്കാലം | ഹിന്ദി ക്ലബ്ബ്<br>ഹിന്ദി അദ്ധ്യാപകർ | പി.ടി.എ.<br>വിദ്യാലയ വികസന സമിതി |
| 2 | പ്രകൃതി സംരക്ഷണം | പ്രകൃതി വിഭവങ്ങളുമായി ബന്ധപ്പെട്ട കവിത, കഥ, പോസ്റ്റർ നിർമ്മാണം വായിക്കുവാനും, തയ്യാറാക്കുവാനും അവസരം നൽകുന്നു. | • ഹിന്ദി ഭാഷ അനായാസം കൈകാര്യം ചെയ്യുക<br>• പ്രകൃതി സ്നേഹം, പ്രകൃതി സംരക്ഷണം ഊട്ടിയുറപ്പിക്കുക<br>• ചിത്രങ്ങളിലൂടെയും, ചെറിയ വാക്യങ്ങളിലൂടെയും ഹിന്ദി പോസ്റ്റർ നിർമ്മാണത്തിന് പ്രാപ്തരാക്കുക | ജൂൺ മുതൽ<br>ജൂൺമാസം | ഹിന്ദി ക്ലബ്ബ്<br>ഹിന്ദി അദ്ധ്യാപകർ<br>വിവിധ ക്ലബ്ബുകൾ | പി.ടി.എ.<br>വിദ്യാർത്ഥികൾ<br>വിദ്യാലയ വികസന സമിതി |
| 3 | ഹിന്ദി ഭാഷ നിർഭയം കൈകാര്യം ചെയ്യുക | ചിത്രങ്ങളിലൂടെയും ചെറിയ ചെറിയ വാക്കുകളിലൂടെയും ഹിന്ദി വായിക്കുവാനും എഴുതുവാനും അവസരം നൽകുന്നു. സ്വന്തം പേര് ഹിന്ദിയിൽ എഴുതുവാൻ പരിശീലിപ്പിക്കുന്നു. | മാതൃഭാഷയെപ്പോലെ ഹിന്ദി ഭാഷയെ സ്നേഹിക്കുവാനും അനായാസം, നിർഭയം കൈകാര്യം ചെയ്യുക എന്നത്. | ജൂൺ മുതൽ ഒരു വർഷക്കാലം | ഹിന്ദി അദ്ധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | വിദ്യാർത്ഥികൾ<br>അദ്ധ്യാപകർ |
| 4 | സഹജീവി സ്നേഹം സംരക്ഷണം | ICT യുടെ സഹായത്തോടെ വളർത്തു മൃഗങ്ങളും വന്യമൃഗങ്ങളും തമ്മിലുള്ള അന്തരം മനസ്സിലാക്കുന്നു. പാഠഭാഗങ്ങളിലുള്ള കഥയിലൂടെയും കവിതയിലൂടെയും അവയെ സ്നേഹിക്കുവാനും സംരക്ഷിക്കുവാനുമുള്ള അവകാശം എന്നീ മനോഭാവം കുട്ടികളിൽ വളർത്തൽ | മാതൃഭാഷയെപ്പോലെ ഹിന്ദി ഭാഷയെ സ്നേഹിക്കുവാനും അനായാസം, നിർഭയം കൈകാര്യം ചെയ്യുക എന്നത്. | ജൂൺ മുതൽ ഒരു വർഷക്കാലം | ഹിന്ദി അദ്ധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | വിദ്യാർത്ഥികൾ<br>അദ്ധ്യാപകർ |

## ഹിന്ദി

| നമ്പർ | മേഖല | പ്രവർത്തനം | ലക്ഷ്യം | കാലം /സമയം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| 5 | മാതൃഭാഷയിൽ നിന്ന് ഹിന്ദി ഭാഷയിലേക്കും ഹിന്ദിയിൽ നിന്ന് മലയാളത്തിലേക്കുള്ള വിവർത്തനം | ഹിന്ദി മാതൃഭാഷയായിട്ടുള്ള വ്യക്തിത്വങ്ങളെ പരിചയപ്പെടുന്നു. ഹിന്ദി ഭാഷ കൈകാര്യം ചെയ്യുന്ന വിദഗ്ദരുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | • ലക്ഷ്യ ഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ പ്രാപ്തരാക്കുക<br>• വിവർത്തകർ, വാർത്തവായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതകളെക്കുറിച്ച് പരിചയപ്പെടുത്തൽ | ആവശ്യമനുസരിച്ച് | ഹിന്ദി ക്ലബ്ബ്<br>ഹിന്ദി അദ്ധ്യാപകർ | അദ്ധ്യാപകർ<br>S.R.G. |
| 6 | സമൂഹത്തിൽ നിലനിൽക്കുന്ന വിവധ വിവേചനം | നമ്മുടെ സമൂഹത്തിൽ ചിലയിടത്തെങ്കിലും നിലനിൽക്കുന്ന ഉള്ളവനും ഇല്ലാത്തവനും, ഉയർന്നവനും താഴ്ന്നവനും, കറുത്തവനും വെളുത്തവനും, ആണും പെണ്ണും തുടങ്ങിയ വിവേചനങ്ങൾ തിരിച്ചറിയുക. പാഠഭാഗ പ്രവർത്തനങ്ങളിലൂടെ വിവിധ വിവേചനങ്ങൾക്കെതിരെ പ്രതികരിക്കുവാൻ പ്രാപ്തരാക്കുക | • സമൂഹത്തിൽ നിന്ന് ഇത്തരം വിവേചനങ്ങൾ ഇല്ലാതാക്കൽ<br>• സമത്വം, സമഭാവന എന്നീ മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കൽ | ആവശ്യമനുസരിച്ച് | വിവിധ ക്ലബ്ബുകൾ<br>S.R.G.<br>ഹിന്ദി അദ്ധ്യാപകർ | |
| 7 | ഹിന്ദി ഭാഷ പ്രയോഗം വ്യാകരണം | പാഠങ്ങളിലെ പ്രവർത്തനങ്ങളിലൂടെ ഭാഷാ പ്രയോഗവും വ്യാകരണ പ്രയോഗങ്ങളും മനസ്സിലാക്കുക, അവ പ്രയോഗിക്കാൻ പ്രാപ്തരാക്കുക | ഹിന്ദി ഭാഷാ നൈപുണ്യം വികസനം.<br>വ്യാകരണങ്ങളിലൂടെ ഭാഷയുടെ ശരിയായ പ്രയോഗം | ആവശ്യമനുസരിച്ച് | ഹിന്ദി ക്ലബ്ബ്<br>S.R.G. | കുട്ടികൾ<br>അദ്ധ്യാപകർ |

## ദിനാചരണങ്ങൾ

| തീയതി | സവിശേഷത | ഉദ്ദേശ്യം | ചുമതല / സാമ്പത്തികം |
|---|---|---|---|
| ജൂൺ 05 | ലോക പരിസ്ഥിതി ദിനം | • പരിസ്ഥിതി എന്താണെന്ന് അറിയുക<br>• പരിസ്ഥിതി മഹത്വം മനസ്സിലാക്കുക<br>• പരിസ്ഥിതി സംരക്ഷിക്കേണ്ടചതിന്റെ ആവശ്യകതയും കർത്തവ്യബോധവും കുട്ടികളിൽ വളർത്തിയെടുക്കുക | വിവധ ക്ലബ്ബ്<br>S.R.G.<br>ഹിന്ദി അദ്ധ്യാപകർ |
| ജൂൺ 19 | വായനാ ദിനം | മാതൃഭാഷയോടൊപ്പം ഹിന്ദി ഭാഷയിലുള്ള വിവിധ സാഹിത്യങ്ങൾ ഒഴുക്കോടെ വായിക്കാനും ഹിന്ദി സാഹിത്യത്തിൽ അഭിരുചി വർദ്ധിപ്പിക്കുക. | വിദ്യാരംഗം<br>ഹിന്ദി ക്ലബ്ബ്<br>S.R.G. |
| ജൂൺ 21 | അന്താരാഷ്ട്ര യോഗാദിനം | യോഗയും ആരോഗ്യവും തമ്മിലുള്ള അഭേദ്യ ബന്ധം മനസ്സിലാക്കുക. കുട്ടികളെ യോഗ ചെയ്യുന്നതിനുള്ള പ്രാധാന്യം മനസ്സിലാക്കുക | ഹെൽത്ത് ക്ലബ്ബ്<br>ഹിന്ദി ക്ലബ്ബ് |
| ജൂലൈ 31 | പ്രേംചന്ദ് ദിവസ് | • ഹിന്ദി സാഹിത്യ സാമ്രാട്ടായ പ്രേംചന്ദിനെക്കുറിച്ച് ആഴത്തിൽ അറിയുക<br>• അദ്ദേഹത്തിന്റെ കൃതികളെ വായിക്കാൻ പ്രേരിപ്പിക്കുക. പോസ്റ്ററുകൾ | ഹിന്ദി ക്ലബ്ബ്<br>ഹിന്ദി അദ്ധ്യാപകർ |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യ ദിനം | സ്വാതന്ത്ര്യ ദിനത്തിന്റെ മഹത്വത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക.<br>സ്വാതന്ത്ര്യ സമരസേനാനികളെ അടുത്തറിയുക.<br>സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യാതിരിക്കൽ | ഹിന്ദി ക്ലബ്ബ്<br>ഹിന്ദി അദ്ധ്യാപകർ |

## ദിനാചരണങ്ങൾ

| തീയതി | സവിശേഷത | ഉദ്ദേശ്യം | ചുമതല / സാമ്പത്തികം |
|---|---|---|---|
| സെപ്റ്റംബർ 14 | ഹിന്ദി ദിവസം | • ഹിന്ദി ദിനാചരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക<br>• ഹിന്ദി ഭാഷയിൽ അഭിരുചി വർദ്ധിപ്പിക്കുക<br>• ഹിന്ദി രാഷ്ട്രഭാഷയായി തെരഞ്ഞെടുക്കാനുള്ള അവബോധം ഉണ്ടാക്കുക | S.R.G.<br>ഹിന്ദി ക്ലബ്ബ്<br>ഹിന്ദി അദ്ധ്യാപകർ |
| സെപ്റ്റംബർ 05 | അദ്ധ്യാപക ദിനം | • ഡോ. എസ്. രാധാകൃഷ്ണൻ നമ്മുടെ പൂർവ്വ രാഷ്ട്രപതിയും അദ്ധ്യാപക ശ്രേഷ്ഠനെ അടുത്തറിയുക<br>• അദ്ധ്യാപകരെ ആദരിക്കുവാനുള്ള മനോഭാവം വളർത്തിയെടുക്കുക<br>• പോസ്റ്റർ, കുറിപ്പ് തയ്യാറാക്കൽ | വിവധ ക്ലബ്ബ്<br>S.R.G. |
| ജനുവരി 26 | റിപ്പബ്ലിക് ദിനം | റിപ്പബ്ലിക് ദിനത്തിന്റെ മഹത്വം മനസ്സിലാക്കാൻ ആകർഷകമായി പോസ്റ്റർ നിർമ്മാണം | ഹിന്ദി ക്ലബ്ബ്<br>ഹിന്ദി അദ്ധ്യാപകർ |

### മികവ്

ഹിന്ദി ഭാഷാ വിനിമയം ശക്തമാക്കുന്നതിനും
പ്രോത്സാഹിപ്പിക്കുന്നതിനും
ക്ലാസ്സിൽത്തന്നെ വേണ്ട പിന്തുണ നൽകുക

# അക്കാദമിക് മാസ്റ്റർപ്ലാൻ – ഗണിതം

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പുവരുത്തുക | അടിസ്ഥാന ഗണിതം ഉറപ്പിക്കൽ | ഒരു മാസം | ഗണിത അദ്ധ്യാപകൻ | |
| 2 | എല്ലാ കുട്ടികൾക്കും അനായാസമായി ഗണിത ക്രീയകൾ, പ്രവർത്തനങ്ങൾ ചെയ്യാനുള്ള ശേഷി ഉറപ്പിക്കുക | ഗണിത ആശയങ്ങൾ ഉറപ്പിക്കുന്നു. വസ്തുനിഷ്ഠമായി കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നു. | ഒരു വർഷം | ഗണിത അദ്ധ്യാപകൻ | |
| 3 | ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിത ക്വിസ്, ജ്യോമെട്രിക് ചാർട്ട്, പതിപ്പുകൾ, കുസൃതി കണക്കുകൾ, ഗണിത മാഗസിൻ തയ്യാറാക്കൽ | മൂന്നു മാസം | ഗണിത അദ്ധ്യാപകൻ | |
| 4 | ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | മാസത്തിൽ ഒന്ന് | ഗണിത അദ്ധ്യാപകൻ | |
| 5 | ICT സാദ്ധ്യതയിലൂടെ ഗണിത പഠനം | സമഗ്ര റിസോഴ്സ്, ജിയോജിബ്ര തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ച് ഗണിത പഠനം | ഒരു വർഷം | ഗണിത അദ്ധ്യാപകൻ | |
| 6 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | ഗണിത അദ്ധ്യാപകൻ | |
| 7 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുത്ത ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക് വർഷത്തിൽ ഒന്ന് | ഗണിത അദ്ധ്യാപകൻ ഗണിത ക്ലബ്ബ് | |

## ഗണിതം

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 8 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അദ്ധ്യാപകൻ സംഘ തലവൻ | |
| 9 | അദ്ധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം തുടർ പ്രവർത്തനം | മുതിർന്ന അദ്ധ്യാപകൻ | |
| 10 | ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | രണ്ട് മാസം | അദ്ധ്യാപകൻ | |
| 11 | ദിനാചരണം<br>Pi Approximation Day<br>July 22 | ഗണിത ക്ലബ്ബിന്റെ ഭാഗമായി ക്വിസ്, മോഡൽ നിർമ്മാണം | ജൂലൈ | ഗണിതക്ലബ്ബ് ഗണിത അദ്ധ്യാപകൻ | |
| 12 | ദിനാചരണം<br>ഡിസംബർ 22<br>ദേശീയ ഗണിത ദിനം | ഗണിത ക്വിസ്, മോഡൽ നിർമ്മാണം, വർക്ക് ഷീറ്റ് തയ്യാറാക്കൽ, ഗണിത മാതൃകകളുടെ പ്രദർശനം | ഡിസംബർ | ഗണിത അദ്ധ്യാപകൻ | |

# അക്കാദമിക് മാസ്റ്റർപ്ലാൻ – സാമൂഹ്യശാസ്ത്രം

| നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | ഹൈസ്കൂൾ അക്കാദമികം | • പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | • ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>• സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക് വർഷം മുഴുവനുമായി നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | സ്കൂൾ കുട്ടികൾകർ അദ്ധ്യാപകർ |
| | | • ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക | • സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക് വർഷം മുഴുവനുമായി നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | സ്കൂൾ അദ്ധ്യാപകർ |
| 2 | ഹൈസ്കൂൾ തലം | • സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | • സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു.<br>• ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ സർവ്വേ, പ്രോജക്ട് ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | വർഷം മുഴുവനും<br>അക്കാദമിക് വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | പി. ടി. എ മാനേജ്മെന്റ്<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

# സാമൂഹ്യശാസ്ത്രം

| നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| | | • മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പവർത്തനത്തിലൂടെ വളരുക, സാമൂഹ്യപരിഷ് കർത്താക്കളെ പരിചയപ്പെടുക<br>• ഭൂപടവായന- കുട്ടികളിൽ വളർത്തുക, സ്ഥല നിർണയം നടത്തുവാൻ പഠിക്കുക | • ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു.<br>അറ്റ്ലസ് മാപ്പുകൾ, ഗ്ലോബ് എന്നിവ പരിമിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | സ്കൂൾ കുട്ടികൾകർ അദ്ധ്യാപകർ |
| 3 | ഹൈസ്കൂൾ തലം | • കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക<br>• ദിനങ്ങളുടെ പ്രാധാന്യങ്ങൾ മനസ്സിലാക്കുന്നതിന് | • സാമൂഹ്യശാസ്തരപരമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് ധാരണ നൽകുന്നു. വീഡിയോ-പ്രദർശനം, പ്രോജക്ട് റൂം തുടങ്ങി സിനിമ (ചരിത്ര സിനിമ-) പ്രദർശനം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 4 | ഹൈസ്കൂൾ തലം | • വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും, ജലാശങ്ങൾ, സമുദ്രങ്ങൾ, കാറ്റുകൾ, പർവ്വതങ്ങൾ എന്നിവയെക്കുറിച്ചും പരിചയപ്പെടുക എന്ന ലക്ഷ്യം | • വിവിധ മോഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിന് ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടുംകേട്ടും തൊട്ടറിഞ്ഞും പഠനം എളുപ്പവും സന്തോഷമുളവാക്കുന്നതും ആക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

# അക്കാദമിക് മാസ്റ്റർപ്ലാൻ – ഭൗതികശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | • ലഘുപരീക്ഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ എന്നിവ കാണിച്ചുകൊടുക്കുന്നു. എല്ലാവർക്കും കാണുവാനും ചെയ്യുവാനുമുള്ള അവസരങ്ങൾ ഉറപ്പുവരുത്തുന്നു.<br>• മോഡലുകൾ, ഉപകരണങ്ങൾ Telescope,Simple Pendulem, Sound related equipments പാഠഭാഗങ്ങൾക്കനുസൃതമായി ചെയ്യാൻ തീരുമാനിച്ചു.<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനങ്ങൾ<br>• ക്ലാസ്സുകളിൽ ലഘുപ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ അവതരിപ്പിക്കുവാനുള്ള അവസരം കൊടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ<br><br>അദ്ധ്യാപകർ | PTA<br><br>സയൻസ് ക്ലബ്ബ്<br><br>PTA |
| 2 | നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | • ക്ലാസ്സുകളിൽ പ്രോജക്ട് അവതരിപ്പിച്ച് മെച്ചപ്പെട്ടത് കണ്ടെത്താനിള്ള അവസരം നൽകുന്നു.<br>• ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>• വർഷത്തിൽ ഒരുതവണ കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം (1 തവണ) | സയൻസ് അദ്ധ്യാപകർ<br><br>റിസോഴ്സ് അദ്ധ്യാപകർ | PTA<br>സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് |

# ഭൗതികശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | • ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>• ശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു ശാസ്ത്രമാസിക തയ്യാറാക്കാനായി ഓരോ ക്ലാസ്സുകൾക്കും നിർദ്ദേശം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | PTA |
| 3 | മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | • ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്രമാസിക പ്രസിദ്ധീകരണം, സയൻസ് ലാബ്, ഐടി ലാബ് എന്നിവ വൃത്തിയാക്കി ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | PTA മാനേജ്മെന്റ് സയൻസ് ക്ലബ്ബ് |
| | | • സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത കാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | | • പുതുപുത്തൻ സാങ്കേതിക വിദ്യകളും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | | | രക്ഷിതാക്കൾ |
| | | • സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് PTA |
| | | • ശാസ്ത്രവുമായി ബന്ധപ്പെട്ട് കുട്ടികളിൽ താൽപര്യം ഉണർത്തുന്നതാനായി Tesk Park എന്ന സ്ഥാപനത്തിലേക്ക് Field Trip സംഘടിപ്പിക്കാൻ തീരുമാനിച്ചു | അക്കാദമിക വർഷം (ഒരുതവണ) | | സയൻസ് ക്ലബ്ബ് എനർജി ക്ലബ്ബ് PTA |

# ഭൗതികശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4 | അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | LED ബൾബിന്റെ ഭാഗങ്ങൾ ഉപയോഗിച്ച് LED ബൾബിന്റെ നിർമ്മാണം അതിനുള്ള കൂടുതൽ അവസരങ്ങൾ നൽകുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട telescope- ന്റെ നിർമ്മാണം, പഠനോപകരണ നിർമ്മാണം എന്നിവ വിശദമാക്കൽ എന്നിവയ്ക്കുള്ള അവസരം നൽകുന്നു. ഇതിനുവേണ്ടി വിദഗ്ദ്ധരുമായി സംവദിക്കൽ | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | PTA |

## ദിനാചരണങ്ങൾ

| | | | | | |
|---|---|---|---|---|---|
| | ജൂൺ-05 പരിസ്ഥിതി ദിനം | Pluck Card, Poster, റാലി, ക്വിസ് എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ-05 | അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ജൂൺ-21 ചാന്ദ്രദിനം | ചാന്ദ്രദിനവുമായി ബന്ധപ്പെട്ട ക്വിസ് ചാർട്ട് പ്രദർശനം, ബോധവൽക്കരണ ക്ലാസ്സ് എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ-05 | അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |
| | സെപ്റ്റംബർ -16 ഓസോൺ ദിനം | ചിത്രരചന, പോസ്റ്റർ, ചാർട്ട് നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ-16 | അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർപ്ലാൻ – രസതന്ത്രം

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്ത ഘട്ടം | കാല ദൈർഘ്യം | ചുമതല |
|---|---|---|---|---|
| 1 | ലാബ് പ്രവർത്തനത്തിലൂന്നിയ പഠന പ്രവർത്തനങ്ങൾ | സ്കൂൾ സയൻസ് ലാബ് വിപുലീകരിക്കുന്നു. ക്ലാസ്സ് മുറികളിൽ മൈക്രോ ലാബുകൾ സജ്ജീകരിക്കുക | ദീർഘകാലം | PTA |
| 2 | സയൻസ് ലൈബ്രറി – വായനയിലൂടെ ശാസ്ത്ര അറിവുകൾ പ്രചരിപ്പിക്കുക | സ്കൂൾ ലൈബ്രറിയിലെ സയൻസ് വിഭാഗം പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. എല്ലാ ക്ലാസ്സ് മുറികളിലും സയൻസ് ഷെൽഫുകൾ സ്ഥാപിക്കുന്നു. | ദീർഘകാലം | അദ്ധ്യാപകർ<br>PTA |
| 3 | നവകേരള സൃഷ്ടിക്കായി കുട്ടികളെ പ്രാപ്തമാക്കുന്ന പ്രവർത്തനങ്ങൾ | സിമന്റ്, പോളിമറുകൾ, ലോഹങ്ങൾ എന്നിവയുടെ നിർമ്മാണം പരിചയപ്പെടുന്നു. | ഹ്രസ്വകാലം | അദ്ധ്യാപകർ<br>സർക്കാർ അംഗീകാരമുള്ള വ്യവസായ സ്ഥാപനങ്ങൾ |
| 4 | ശാസ്ത്ര സാങ്കേതിക വിദ്യയുടെയും ICT, AI സാങ്കേതിക വിദ്യകളുടെയും സഹായത്തോടെ ശാസ്ത്രപഠനം ആകർഷകവും ലളിതവുമാക്കുന്നു. | PhET, OLabs, Avogadro, Kalzium എന്നിവയുടെ ഉപയോഗം, Virtual Lab and Library | ദീർഘകാലം | അദ്ധ്യാപകർ |
| 5 | സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം-കുട്ടികളിലെ പഠന വിടവുകൾ കണ്ടെത്തലും പരിഹാരവും | Achievement Test, Diagnostic Test, Remedial Teaching, പഠനമുറി(വീട്, ലൈബ്രറി, പൊതു സ്ഥാപനങ്ങൾ | ദീർഘകാലം | അദ്ധ്യാപകർ |
| 6 | സാമൂഹിക നന്മ ലക്ഷ്യമാക്കിയുള്ള അനുബന്ധ പരിപാടികൾ | വിവധ അവബോധ സെമിനാറുകൾ, റാലികൾ | ഹ്രസ്വകാലം | അദ്ധ്യാപകർ, PTA<br>സാമൂഹിക സംഘടനകൾ |

## രസതന്ത്രം

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്ത ഘട്ടം | കാല ദൈർഘ്യം | ചുമതല |
|---|---|---|---|---|
| 7 | CWSN കുട്ടികളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്ന പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ | സിമുലേഷൻ വീഡിയോകൾ, വിർച്ചൽ ലാബ്, ഓഡിയോ ലൈബ്രറി, വീഡിയോ ക്ലാസ്സുകൾ, ശ്രദ്ധ, നവപ്രഭ | ദീർഘകാലം | BRC |
| 8 | കുട്ടികളിൽ ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കുന്നതിനായുള്ള പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ | സയൻസ് ക്ലബ്ബ്, ദിനാചരണങ്ങൾ, ക്വിസ് മത്സരങ്ങൾ, ടാലന്റ്, സെർച്ച് പരീക്ഷ, എക്സിബിഷൻ, ഫീൽഡ് ട്രിപ്പ്, ഇൻസ്പെയർ അവാർഡ്, YIP | മധ്യമകാലം | അദ്ധ്യാപകർ |
| 9 | സമൂഹത്തിൽ നിലനിൽക്കുന്ന അന്ധ വിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള പോരാട്ടം - ശാസ്ത്രസത്യങ്ങൾ പ്രചരിപ്പിക്കൽ | മനുഷ്യസംബന്ധിയായ വിഷയങ്ങളെ ശാസ്ത്രബോധത്തോടെ സമീപിക്കാൻ കുട്ടികളെ പ്രാപ്തമാക്കുന്നതിനായി പ്രത്യേക ക്ലാസ്സുകൾ, പ്രമുഖ വ്യക്തികളുമായുള്ള അഭിമുഖം, അനിയോജ്യമായ പുസ്തകങ്ങൾ ലഭ്യമാക്കൽ | മധ്യമകാലം | അദ്ധ്യാപകർ, PTA സാമൂഹിക സംഘടനകൾ |
| 10 | പഠനമികവ് ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ | Unit Test, Midterm Test, Series Test | ദീർഘകാലം | അദ്ധ്യാപകർ |
| 11 | S.S.L.C. കുട്ടികൾക്ക് രസതന്ത്രത്തിന് A+ ഉറപ്പുവരുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ | Weekend Test, Expert Class, ചോദ്യശേഖരം തയ്യാറാക്കൽ, വിശകലനം | ദീർഘകാലം | അദ്ധ്യാപകർ Resource Persons |

# അക്കാദമിക് മാസ്റ്റർപ്ലാൻ – ജീവശാസ്ത്രം

| നമ്പർ | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | • ആരോഗ്യവും പരിസ്ഥിതിയും<br>• മഴക്കാല ശുചീകരണം<br>• പരിസ്ഥിതി സംരക്ഷണം | സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി PTA , പൂർവ്വ വിദ്യാർത്ഥി സംഘടനകൾ ഇവരുടെ മേൽനോട്ടത്തിൽ സ്കൂളും പരിസരവും ശുചീകരിക്കുന്നു. | I$^{st}$ ഘട്ടം<br>May - 27 മുതൽ<br>June - 2 വരെ<br>II$^{nd}$ ഘട്ടം<br>June - 3 മുതൽ<br>June - 30 വരെ<br>(3 മാസം) | Health Club<br>PTA<br>തദ്ദേശ സ്വയംഭരണ സ്ഥാപനം<br>വിവധ ക്ലബ്ബുകൾ,<br>സ്കൂൾതല സമിതി | School<br>വികസന സമിതി |
| 2 | • മഴക്കാല രോഗങ്ങൾക്കെതിരെ ബോധവത്ക്കരണം | • കൊതുക് നിവാരണം<br>• മഴക്കാല രോഗങ്ങൾക്കെതിരെയുള്ള ബോധവത്ക്കരണ ക്ലാസ്സ്<br>• എലിപ്പനി പ്രതിരോധം<br>• പഞ്ചായത്ത് ഹെൽത്ത് തല ബോധവത്കരണ ക്ലാസ്സ് | June - 3 മുതൽ<br>August - 31 വരെ | JRC<br>SPC<br>Eco Club | PTA<br>പൂർവ്വ<br>വിദ്യാർത്ഥികൾ |
| 3 | **ദിനാചരണങ്ങൾ**<br>1. June - 5 | June-5 പരിസ്ഥിതി ദിനം, മരങ്ങൾ വച്ച് പിടിപ്പിക്കൽ, പരിസ്ഥിതിഗാനാലാപനം, വൃക്ഷത്തൈ നടൽ, പച്ചക്കറിത്തോട്ടം, മരമുത്തശ്ശിയെ ആദരിക്കൽ, പരിസ്ഥിതി സംരക്ഷണ വാരാചരണം.<br>പോസ്റ്റർ നിർമ്മാണം, റാലികൾ, ക്വിസ് മത്സരങ്ങൾ, അസംബ്ലി നടത്തൽ, പരിസ്ഥിതിദിന സന്ദേശം | February - 28 വരെ<br><br>June - 5 മുതൽ<br>June - 11 വരെ | Science Club<br><br>Health Club<br>Science Club | സ്കൂൾ<br>വികസന സമിതി<br><br>വിവിധ ക്ലബ്ബുകൾ,<br>അദ്ധ്യാപകർ,<br>വിദ്യാലയ സമിതി |
| | June - 8 സമുദ്രദിനം<br>Blood Donation Day June-14 | സമുദ്ര സംരക്ഷണവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം, ക്വിസ് പ്രോഗ്രാം | June - 10 | Science Club | സ്കൂൾ<br>വികസന സമിതി |

# ജീവശാസ്ത്രം

| നമ്പർ | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | സമുദ്ര സംരക്ഷണ പ്രാധാന്യം കുട്ടികൾ തിരിച്ചറിയുന്നു. | രക്തദാന പ്രാധാന്യം മനസ്സിലാക്കുന്ന ബോധവത്ക്കരണ ക്ലാസ്സ്, സ്കൂൾ അസംബ്ലിയിൽ സന്ദേശം, പോസ്റ്റർ, പ്ലക്കാർഡുകൾ എന്നിവയുടെ പ്രദർശനം | June - 14 | Eco Club | PTA |
| | June - 27<br>World Diabetic Day | ജീവിത ശൈലീ രോഗങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സ്<br>തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ നയിക്കുന്ന ആരോഗ്യ ബോധവത്കരണ ക്ലാസ്സ് | June - 27<br>June<br>രണ്ടാം ആഴ്ച | Eco Club<br>health Club | PTA<br>വിദ്യാലയ വികസ സമിതി ആരോഗ്യവകുപ്പ് |
| | June - 21<br>അന്താരാഷ്ട്ര യോഗദിനം | യോഗയുടെ പ്രാധാന്യം സംബന്ധിച്ച് ബോധവ്തകരണ ക്ലാസ്സും യോഗാ പരിശീലനവും പ്ലക്കാർഡുകൾ, പോസ്റ്ററുകൾ | June - 21 | Health Club<br>Science Club | സ്കൂൾ വികസന സമിതി |
| | June - 26<br>പുകയില വിരുദ്ധദിനം | അസംബ്ലിയിൽ ബോധവത്ക്കരണ പ്രഭാഷണം, പുകയിലയുടെ ദുരുപയോഗത്തെക്കുറിച്ച് പോസ്റ്റർ രചനാ മത്സരം. ലഹരി വിരുദ്ധ റാലി | June - 26 | Science Club | സ്കൂൾ വികസന സമിതി |
| 4 | മാലിന്യ സംസ്കരണം | സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണം. | June - 3 മുതൽ | Science Club | സ്കൂൾ വികസന സമിതി |

# ജീവശാസ്ത്രം

| നമ്പർ | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | | ഹരിതകർമ്മസേന ജൈവ മാലിന്യവും അജൈവ മാലിന്യങ്ങളും തരംതിരിക്കുന്നു.<br>ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം. | June - 3 മുതൽ February 28 | ശുചിത്വ ക്ലബ്ബ് Eco Club | വിദ്യാലയ സമിതി |
| 5 | പാരിസ്ഥിതികം | ജൈവ വൈവിദ്ധ്യവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ്, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് ക്വിസ്സ്, പ്ലക്കാർഡ് എന്നിവ തയ്യാറാക്കൽ<br>ജൈവ വൈവിദ്ധ്യ പാർക്ക് നവീകരണം | June മുതൽ August വരെ | Eco Club | വിദ്യാലയ സമിതി |
| 6 | സയൻസ് ക്ലബ്ബ് (കൗമാര വിദ്യാഭ്യാസം<br>എല്ലാ കുട്ടികൾക്കും കൗമാര കാലത്തെ പ്രശ്നങ്ങൾ നേരിടുന്നതിനുള്ള ശേഷി കൈവരിക്കൽ | ക്രിയാത്മക കൗമാരം കരുത്തും കരുതലും എന്ന വിഷയത്തിൽ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുള്ള ബോധവത്ക്കരണ ക്ലാസ്സ് (ഹെൽത്ത് കൗൺസിലർ) | June - 3 മുതൽ February 28 വരെ | കുട്ടികൾ, അദ്ധ്യാപകർ, കൗൺസിലിംഗ് ടീച്ചർ | PTA<br>ടീൻസ് ക്ലബ്ബ് |
| 7 | ശാസ്ത്രം - ശാസ്ത്രമേള ശാസ്ത്രാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുക | ശാസ്ത്രമേള - മുന്നൊരുക്കങ്ങൾ<br>Inspire കുട്ടികളെ തെരഞ്ഞെടുക്കൽ<br>ശാസ്ത്രപ്രദർശനം - സ്കൂൾതലം<br>ശാസ്ത്രമാഗസിൻ നിർമ്മാണം, Still model working model | 6 മാസം | Science Club | PTA |

## ജീവശാസ്ത്രം

| നമ്പർ | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 8 | ശാസ്തരം – ലഹരി വിരുദ്ധം ലഹരിക്കെതിരെ കുട്ടികളെ ബോധവാന്മാരാക്കൽ, മാനസികവും ശാരീരിക ആരോഗ്യമുള്ള കുട്ടികളെ വളർത്തിയെടുക്കൽ | ലഹരി വിരുദ്ധ ക്ലബ്ബ്, എക്കോ ക്ലബ്ബ്, ടീൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് എന്നിവരുടെ സഹായത്തോടെയുള്ള പ്രവർത്തനവും പ്ലാൻ തയ്യാറാക്കലും. | June മുതൽ അക്കാദമിക വർഷം മുഴുവനും | വിവധതരം ക്ലബ്ബുകൾ PTA | PTA |
| 9 | പോക്സോ വിദ്യാർത്ഥികളെ ചൂഷണത്തിൽ നിന്നും തടയുക | സ്കൂളിലെ എല്ലാ കുട്ടികൾക്കും ബോധവത്ക്കരണ ക്ലാസ്സ് | June -1 മുതൽ February 28 വരെ | ക്ലാസ്സ് അദ്ധ്യാപകർ PTA | PTA |
| 10 | അദ്ഭുത കണ്ണിലൂടെ: കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു.<br>മോഡൽ നിർമ്മാണത്തിനാവശ്യമായ കാര്യങ്ങൾ പറഞ്ഞ്കൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം 2025-26 | സയൻസ് അദ്ധ്യാപകർ | PTA |

# അക്കാദമിക് മാസ്റ്റർപ്ലാൻ – കലാ വിദ്യാഭ്യാസം

| നമ്പർ | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കലാപരമായുള്ള അറിവ് അതിലൂടെ കൂടുതൽ അറിവുകൾ നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | • വിവിധതരം കലകളെക്കുറിച്ചുള്ള വിശദീകരണം, ചർച്ചകൾ, കുട്ടികൾ വരച്ച ചിത്രങ്ങൾ അവർ തന്നെ ക്ലാസ്സ് റൂമുകളിൽ പ്രദർശിപ്പിക്കുന്നു<br>• വിവിധ ഇനം മീഡിയങ്ങൾ പരിചയപ്പെടുത്തൽ പ്രാക്ടിക്കൽ. പാഠപുസ്തകങ്ങൾക്ക് അനുശ്രിതമായ പഠന പ്രവർത്തനം | അക്കാദമിക വർഷം | ചിത്രകലാ അദ്ധ്യാപകൻ | PTA ആർട്സ് ക്ലബ്ബ് |
| 2 | ക്ലേ മോഡലിംഗ് അതിനെക്കുറിച്ചുള്ള പഠനം | കുട്ടികളെ ക്ലേ മോഡലിംഗ് പരിശീലിപ്പിക്കുന്നു. നിർമ്മിച്ച മോഡലുകൾ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | ചിത്രകലാ അദ്ധ്യാപകൻ | PTA ആർട്സ് ക്ലബ്ബ് |
| 3 | പുരാതന ചിത്രകലാ ശൈലിയെ പരിചയപ്പെടുത്തുന്നു. | പുരാതന ചിത്രകലാ രീതികൾ പ്രൊജക്ടർ വഴി കുട്ടികളിലേക്ക് എത്തിക്കുന്നു.<br>അതിനെക്കുറിച്ചുള്ള ചർച്ചയും | അക്കാദമിക വർഷം | ചിത്രകലാ അദ്ധ്യാപകൻ | PTA ആർട്സ് ക്ലബ്ബ് |
| 4 | വാദ്യോപകരണങ്ങൾ പരിചയപ്പെടുത്തുന്നു. | ഇന്ത്യയിലും പുറത്തും പ്രചാരത്തിലുള്ള വാദ്യോപകരണങ്ങൾ പരിചയപ്പെടുത്തൽ എല്ലാവിധ വാദ്യോപകരണങ്ങളും പ്രൊജക്ടർ സംവിധാനം വഴി കുട്ടികളിലേക്ക് എത്തിക്കുന്നു. അതിനെക്കുറിച്ചുള്ള ചർച്ച | അക്കാദമിക വർഷം | ചിത്രകലാ അദ്ധ്യാപകൻ | PTA ആർട്സ് ക്ലബ്ബ് |
| 5 | ചിത്രകലയിലെ ലൈറ്റ് & ഷെയ്ഡ് ഇവയെ മനസ്സിലാക്കി ചിത്രം വരയ്ക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ചിത്രകലയിൽ പ്രധാനമായ ലൈറ്റ് & ഷെയ്ഡ് ഇവയെ മനസ്സിലാക്കി ഇതിനെക്കുറിച്ച് പഠിക്കുവാൻ വസ്തുക്കൾ മേശപ്പുറത്ത് വച്ച് ചിത്രങ്ങൾ വരപ്പിക്കുന്നു. ( ലൈറ്റിന്റെ സഹായത്തോടെ) | അക്കാദമിക വർഷം | ചിത്രകലാ അദ്ധ്യാപകൻ | PTA ആർട്സ് ക്ലബ്ബ് |

## കലാ വിദ്യാഭ്യാസം

| നമ്പർ | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6 | ഇന്ത്യയിലും പുറത്തും പ്രചാരത്തിലുള്ള കലാരൂപങ്ങളെ തിരിച്ചറിയാൻ കഴിയുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ഇന്ത്യയിലും പുറത്തും പ്രചാരത്തിലുള്ള കലാരൂപങ്ങളെ പ്രൊജക്ടർ വഴി കുട്ടികളിലേക്ക് എത്തിക്കുന്നു. അതിനെക്കുറിച്ചുള്ള ചർച്ച അവതരണം<br>കലാരൂപങ്ങളുടെ ചിത്ര പ്രദർശനം | അക്കാദമിക വർഷം | ചിത്രകലാ അദ്ധ്യാപകൻ | PTA ആർട്സ് ക്ലബ്ബ് |
| 7 | സിനിമ മേഖലയെക്കുറിച്ചുള്ള അറിവ് | സ്വന്തമായി തിരക്കഥകൾ എഴുതുവാൻ കുട്ടികളെ പഠിപ്പിക്കുന്നു.<br>മൊബൈൽ ക്യാമറ ഉപയോഗിച്ച് ഷോർട്ട് ഫിലിം നിർമ്മിക്കുന്നത് പഠിപ്പിക്കുന്നു. കുട്ടികൾ സ്വന്തമായി നിർമ്മിച്ച ഷോർട്ട് ഫിലിമുകൾ സ്കൂളിൽ പ്രദർശിപ്പിക്കുന്നു. (ലോംഗ് വ്യൂ, ഷോർട്ട് വ്യൂ) ഇതിനെക്കുറിച്ച് ചർച്ചകൾ | അക്കാദമിക വർഷം | ചിത്രകലാ അദ്ധ്യാപകൻ | PTA ആർട്സ് ക്ലബ്ബ് |
| 8 | ഫോട്ടോഗ്രാഫി മനസ്സിലാക്കുന്നു. | മൊബൈൽ ക്യാമറ ഉപയോഗിച്ച് എങ്ങനെ ചിത്രങ്ങൾ പകർത്താമെന്ന് പഠിപ്പിക്കുന്ന. (ലൈറ്റ് അഡ്ജസ്റ്റ്മെന്റ്, എഡിറ്റിംഗ് എന്നിവ കുട്ടികൾ എടുത്ത ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | ചിത്രകലാ അദ്ധ്യാപകൻ | PTA ആർട്സ് ക്ലബ്ബ് |
| 9 | ചിത്രകലയിലൂടെ സ്വയം തൊഴിൽ കണ്ടെത്തൽ | വസ്ത്രങ്ങളിൽ ചിത്രം വരയ്ക്കുന്ന രീതിയായ ഫാബ്രിക് പെയിന്റിംഗ് പരിശീലിപ്പിക്കുന്നു.<br>വെജിറ്റബിൾ പ്രിന്റിംഗ് പരിശീലിപ്പിക്കുന്നു,<br>വെജിറ്റബിൾ ഉപയോഗിച്ച് അച്ചുകൾ നിർമ്മിച്ച് തുണികളിൽ പ്രിന്റ് ചെയ്യുന്നു. | അക്കാദമിക വർഷം | ചിത്രകലാ അദ്ധ്യാപകൻ | PTA ആർട്സ് ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർപ്ലാൻ – ആരോഗ്യ കായിക വിദ്യാഭ്യാസം

| നമ്പർ | പ്രവർത്തനം | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| 1 | **കായികക്ഷമത കൈവരിക്കൽ**<br>യോഗ<br>സൈക്ലിംഗ്<br>അത്‌ലറ്റിക്സ്<br>ഏറോബിക്സ് | ജൂൺ മുതൽ ജൂലൈ വരെ | സ്പോർട്സ് ക്ലബ്ബ് | യോഗ മാറ്റ് –<br>40 X 120 = 4800<br>സൈക്കിൾ<br>5 X 3000 = 5000 | ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ |
| 2 | ഫുട്ബോൾ,<br>വോളിബോൾ ക്രിക്കറ്റ്<br>പരിശീലനവും മത്സരങ്ങളും | ആഗസ്റ്റ് മുതൽ ഒക്ടോബർ | സ്പോർട്സ് ക്ലബ്ബ് | ഫുട്ബോൾ<br>2 X 420 = 840<br>വോളിബോൾ<br>2 X 340 = 640<br>ക്രിക്കറ്റ് കിറ്റ്<br>1 X 4900 = 4900 | കുട്ടികളുടെ മാനസിക പിരിമുറുക്കം കുറയ്ക്കുക, സ്നേഹവും സഹിഷ്ണുതയും സഹകരണവും കായിക സംസ്കരണവും വളർത്തുക നല്ല സ്പോർട്സ് പ്രാവീണ്യമുള്ള കുട്ടികളെ വളർത്തുക |
| 3 | സബ് ജില്ല മുൽ ദേശീയ കായികമേള വരെയുള്ള പ്രവർത്തനങ്ങൾ | ജൂലൈ മുതൽ ഡിസംബർ | സ്പോർട്സ് ക്ലബ്ബ് | | പ്രാവീണ്യമുള്ള കുട്ടികളെ വളർത്തുക<br>പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ആത്മവിശ്വാസം കുട്ടികളിൽ ഉണ്ടാക്കുക |
| 4 | <u>ജീവിത ശൈലി രോഗങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങളും ആരോഗ്യ ശീലങ്ങളും</u><br>സൂമ്പ<br>ഗ്രൗണ്ട് ആക്ടിവിറ്റി | ജനുവരി മുതൽ മാർച്ച് വരെ | സ്പോർട്സ് ക്ലബ്ബ് | | ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ<br>ആരോഗ്യ ശീലങ്ങൾ വളർത്തുക |

# ഉപസംഹാരം

സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷയ്ക്കൊത്ത് പൊതുവിദ്യാലയങ്ങളെ രൂപപ്പെടുത്തുകയും മികവിന്റെ കേന്ദ്രങ്ങളായി മാറ്റുകയും ചെയ്യുക എന്ന ലക്ഷ്യ ത്തോടെ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ നവീന ങ്ങളായ നിരവധി കർമ്മ പദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ വിദ്യാലയ വികസന രേഖ ഒരു മാർഗ്ഗ നിർദ്ദേശ രേഖയായി മാറുന്നു. സമഗ്ര ഗുണമേന്മ ലക്ഷ്യ മാക്കി നടത്തുന്ന പ്രവർത്തനങ്ങൾ അക്കാദമിക രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടി ക്കുകയും സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിനുള്ള ഭൗതികവും സാമൂ ഹികവുമയ എല്ലാ സഹായങ്ങളും ലഭ്യമായ മേഖലകളിൽ നിന്ന് നേടിയെടുക്കുന്ന തിനുള്ള പദ്ധതിയും ഈ രേഖ വിഭാവനം ചെയ്യുന്നു.

നിലവിലെ പശ്ചാത്തലത്തിന്റെയും ഭൗതിക സാഹചര്യങ്ങളുടെയും അറി വുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ വികസനരേഖ നിരന്തരം മാറ്റ ങ്ങൾക്ക് വിധേയമാകാനുള്ള ഇടങ്ങൾ നൽകിയിട്ടുണ്ട്. വിദ്യാലയത്തിന്റെ കാഴ്ച പ്പാടുകൾക്ക് വിധേയമായാണ് ഈ വികസന രേഖ തയ്യാറാക്കിയിട്ടുള്ളത്. പരിമി തികളെയും വെല്ലുവിളികളെയും മുന്നിൽകണ്ടുകൊണ്ട് തയ്യാറാക്കിയ ഈ വികസന രേഖ അക്കാദമിക നിലവാരത്തെയും സാമൂഹിക ഉന്നമനത്തെയും ലക്ഷ്യ മിടുന്നു. അക്കാദമിക ആസൂത്രണത്തോടൊപ്പം സാമ്പത്തിക ആസൂത്രണവും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിനുള്ള ഒരു ചട്ടക്കൂടായി ഈ രേഖ മാറുന്നു. ഈ വിദ്യാലയ വികസനരേഖ പൂർണ്ണമാകണമെ ങ്കിൽ ഗവൺമെന്റിന്റെയും പൊതുസമൂഹത്തിന്റെയും പൂർണ്ണ പങ്കാളിത്തവും സാമ്പ ത്തിക പിന്തുണയും ആവശ്യപ്പെടുന്നു. ഈ അക്കാദമിക വർഷത്തിനപ്പുറത്തേക്ക് നീളുന്ന ഈ പദ്ധതി വിദ്യാഭ്യാസ മേഖലയിൽ വലിയ വിപ്ലവത്തിന് വഴിതെളിക്കും എന്നതിൽ സംശയമില്ല.